# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 75/2017/സം.തി.ക. തിരുവനന്തപുരം, 2017 ജൂലൈ 14

കേരള സർക്കാർ 2017 ജൂലൈ 14-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 12/07/2017-ലെ ജി.ഒ. (പി) 45/2017/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം കൗൺസിലർമാരെ തിരഞ്ഞെടുക്കുന്നതിന് കണ്ണൂർ ജില്ലയിലെ എം. 57 മട്ടന്നൂർ മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ,

ഇപ്പോൾ, പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് -

(എ) **2017 ജൂലൈ 21 (വെള്ളി)** നാമനിർദ്ദേശപത്രികകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) **2017 ജൂലൈ 22 (ശനി)** നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയായും;

(സി) **2017 ജൂലൈ 24 (തിങ്കൾ)** സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) **2017 ആഗസ്റ്റ് 08 (ചൊവ്വ)** ആവശ്യമാണെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

**(ഇ)** **2017 സെപ്റ്റംബർ 13 (ബുധൻ)** തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും;

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 105-ാം വകുപ്പനുസരിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

**ഒപ്പ്**
**വി.ഭാസ്കരൻ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**


## വിജ്ഞാപനം

നമ്പർ: 76/2017/സം.തി.ക. തിരുവനന്തപുരം, 2017 ജൂലൈ 14

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2017 ജൂലൈ 14-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ, അതേ തീയതിയിലെ 75/2017/സംതിക നമ്പർ വിജ്ഞാപനപ്രകാരം തിരഞ്ഞെടുപ്പ് നടത്തേണ്ട കണ്ണൂർ ജില്ലയിലെ എം.57 മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ വാർഡുകളിൽ വോട്ടെടുപ്പ് ആവശ്യമുള്ളപക്ഷം, അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെയായി, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 126-ാം വകുപ്പനുസരിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

ഒപ്പ്

വി. ഭാസ്കരൻ,
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.